ദേശീയ ഔഷധസസ്യ ബോർഡ്

# പ്രാദേശിക-പരിപോഷണ കേന്ദ്രം (ദക്ഷിണ മേഖല)

(ആയുഷ് മന്ത്രാലയം, ഭാരത സർക്കാർ)



*Berberis wightiana*



*Coscinium fenestratum*

सत्यमेव जयते

NATIONAL MEDICINAL PLANTS BOARD
Plants for Health & Prosperity

KSCSTE

KFRI


## കേരള വനഗവേഷണ സ്ഥാപനം

(കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ സ്ഥാപനം)

പീച്ചി - 680 653, കേരളം, ഇന്ത്യ


*Sida alnifolia* (കുറുന്തോട്ടി)

ഔഷധസസ്യ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ഭാരത സർക്കാർ 2000-ാം ആണ്ടിൽ രൂപീകരിച്ചതാണ് ദേശീയ ഔഷധസസ്യ ബോർഡ് (എൻ. എം.പി.ബി). ഔഷധസസ്യ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ മന്ത്രാലയങ്ങളുടെയും വകുപ്പുകളുടെയും സംഘടനകളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഈ മേഖലയുടെ വളർച്ചയ്ക്ക് സഹായകരമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക എന്നതാണ് ബോർഡിന്റെ ലക്ഷ്യം.

പ്രാഥമിക ആരോഗ്യ പരിരക്ഷക്കായി വികസ്വര രാജ്യങ്ങളിലെ ജനസംഖ്യയുടെ ഏകദേശം 80 ശതമാനവും പരമ്പരാഗത വൈദ്യത്തെയാണ് ആശ്രയിക്കുന്നത്. നിലവിലുള്ള കണക്കനുസരിച്ച് ആധുനിക ചികിത്സാ സമ്പ്രദായങ്ങളിൽ ഉപയോഗിക്കുന്ന ഔഷധങ്ങളിൽ 25 ശതമാനവും ലഭിക്കുന്നത് സസ്യങ്ങളിൽ നിന്നോ അവയുടെ ഉപോല്പന്നങ്ങളിൽ നിന്നോ ആണ്. വർഷാവർഷം വർദ്ധിച്ചുവരുന്ന ഔഷധസസ്യങ്ങളുടെ ആവശ്യകതയും, യഥാർത്ഥ ഔഷധസസ്യങ്ങളുടെ ലഭ്യതയിൽ ഉണ്ടാവുന്ന കുറവും ഇവയുടെ അമിത ചൂഷണത്തിലേക്കും മായം ചേർക്കലിലേക്കും നയിച്ചുക്കൊണ്ടിരിക്കുന്നു. ഇതിനെല്ലാം പുറമെ പാരമ്പര്യ ഔഷധങ്ങളെക്കുറിച്ചും അവയുടെ ഗുണനിലവാരത്തെ കുറിച്ചും കൃത്യമായതും ഏകീകരിച്ചതുമായ ഗവേഷണപഠന വിവരങ്ങൾ ഇന്ന് ലഭ്യമല്ലാത്തത് ഈ രംഗത്തെ കൂടുതൽ സങ്കീർണ്ണമാക്കുന്നു.

ഔഷധസസ്യങ്ങളുടെ വർദ്ധിച്ചു വരുന്ന ആവശ്യകത കണക്കിലെടുത്ത് ദേശീയ ഔഷധസസ്യ ബോർഡ് വിപണനസാദ്ധ്യതയുള്ളതും കൂടാതെ അപൂർവ്വവുമായ ഔഷധസസ്യങ്ങളുടെ കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പം, അത്തരം സസ്യങ്ങളെ അവയുടെ തനത് ആവാസവ്യവസ്ഥയിലും അതിന് പുറത്തും ഉള്ള സംരക്ഷണത്തിന് ഊന്നൽ നൽകുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ, ഔഷധസസ്യ മേഖലയുടെ സമഗ്ര പുരോഗതിക്കും കാര്യക്ഷമമായ വികസനത്തിനുമായി ഗവേഷണങ്ങളിലൂടെയും പരിശീലന പരിപാടികളിലൂടെയും മികച്ച കൃഷിരീതിയെക്കുറിച്ചും ശേഖരണ രീതിയെക്കുറിച്ചും അവബോധം നൽകുന്നതിലൂടെ സുരക്ഷിതവും നിലവാരമുള്ളതുമായ ഔഷധങ്ങൾ ലഭ്യമാക്കാനും പരിശ്രമിക്കുന്നു.


*Saraca asoca* (അശോകം)

## ദേശീയ ഔഷധസസ്യ ബോർഡിന്റെ പ്രാദേശിക – പരിപോഷണ കേന്ദ്രങ്ങൾ

ദേശീയ ഔഷധസസ്യ ബോർഡിന്റെ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുവാൻ വേണ്ടി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി അഞ്ച് പ്രാദേശിക-പരിപോഷണ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടു്. ദക്ഷിണഭാരതത്തിലെ പ്രാദേശിക-പരിപോഷണകേന്ദ്രം പീച്ചി ആസ്ഥാനമായുള്ള കേരള വനഗവേഷണ സ്ഥാപനത്തിലാണ് സ്ഥാപിതമായിരിക്കുന്നത്.


Salacia agasthiamalana (കൊരി)

## ദക്ഷിണ മേഖല പ്രാദേശിക – പരിപോഷണ കേന്ദ്രത്തിന്റെ പ്രവർത്തനം

കേരളം, തമിഴ്നാട്, കർണാടകം, ആന്ധ്രാപ്രദേശ്, തെലുങ്കാന, കേന്ദ്രഭരണ പ്രദേശങ്ങളായ ലക്ഷദ്വീപ്, പുതുശ്ശേരി, ആൻഡമാൻ നിക്കോബാർ ദ്വീപ് സമൂഹങ്ങൾ എന്നിവിടങ്ങളിലെ ഔഷധസസ്യ മേഖലയെ സംബന്ധിക്കുന്ന എല്ലാവിധ പ്രവർത്തനങ്ങളും ഏകോപിപ്പിച്ച് നടപ്പിലാക്കുക എന്നതാണ് കേന്ദ്രത്തിന്റെ ലക്ഷ്യം.

## ലക്ഷ്യങ്ങൾ

- എൻ.എം.പി.ബി. യുടെ ദക്ഷിണ ഭാരതത്തിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
- ഔഷധ സസ്യങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംഘങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.
- ഔഷധസസ്യങ്ങളുടെ ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ഉൽപാദനം, കൃഷിരീതി, ശേഖരണം, സംഭരണം, സംസ്കരണം, മൂല്യവർദ്ധിത വസ്തുക്കൾ, വിപണനം, ഗുണനിലവാര നിയന്ത്രണം എന്നിവയിൽ വൈദഗ്ധ്യം നൽകുക.


(വെള്ളകിൽ)
Dysoxylum malabaricum

- ഔഷധസസ്യ രംഗത്ത് പ്രവർത്തിക്കുന്ന സൊസൈറ്റികൾക്കും സംഘങ്ങൾക്കും സാമ്പത്തിക, സാങ്കേതിക സഹായങ്ങൾ നൽകുക.
- ഔഷധസസ്യ രംഗത്ത് പരിശീലനം നൽകുക, സെമിനാർ സംഘടിപ്പിക്കുക.
- വംശനാശ ഭീഷണി നേരിടുന്നതും വ്യാവസായിക പ്രാധാന്യമുള്ള ഔഷധസസ്യങ്ങളുടെ ശാസ്ത്രീയമായ കൃഷിരീതി വികസിപ്പിച്ചെടുക്കുക.
- ഔഷധസസ്യങ്ങളുടെ വിപണനം മെച്ചപ്പെടുത്തുക.
- പദ്ധതികൾ തയ്യാറാക്കാൻ സൊസൈറ്റി, സംഘങ്ങൾ എന്നിവയെ സഹായിക്കുക.
- വിജയകരമായി നടപ്പിലാക്കിയിട്ടുള്ള എൻ.എം.പി.ബി. പദ്ധതികൾ ജനങ്ങളിലേക്ക് എത്തിക്കുക.

## കേരള വനഗവേഷണ സ്ഥാപനം (KFRI)

കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള വനഗവേഷണ സ്ഥാപനം 1975 ലാണ് സ്ഥാപിതമായത്. വനങ്ങളുടെ സംരക്ഷണം, ജൈവ ആവാസ വ്യവസ്ഥകളുടെ നിലനിൽപ്പ്, പ്രകൃതി വിഭവങ്ങളുടെ സുസ്ഥിര ഉപയോഗം, കാലാവസ്ഥ വ്യതിയാനം എന്നിവയ്ക്ക് പ്രാമുഖ്യം നല്കിക്കൊണ്ട് പ്രവർത്തിക്കുന്ന വനഗവേഷണ സ്ഥാപനം, വനം വന്യജീവി പരിസ്ഥിതി മേഖലയിൽ ഇതിനോടകം തന്നെ രാജ്യാന്തര തലത്തിൽ ശ്രദ്ധേയമായ പഠനങ്ങൾ നടത്തിയിട്ടുണ്ട്.



### ബന്ധപ്പെടേ വിലാസം


**പ്രൊജക്റ്റ് റീജിയണൽ ഡയറക്ടർ**
എൻ.എം.പി.ബി പ്രാദേശിക - പരിപോഷണ കേന്ദ്രം (ദക്ഷിണ മേഖല)
കേരള വനഗവേഷണ സ്ഥാപനം
പീച്ചി 680 653, തൃശൂർ, കേരളം, ഇന്ത്യ
ഫോൺ : +91 4872690100
+91 9447618335
ഇമെയിൽ : rcfcsouthern@gmail.com
വെബ്സൈറ്റ്: www.rccfcsouthern.org

**Project Regional Director**
NMPB-Regional cum Facilitation Centre
(Southern Region)
Kerala Forest Research Institute
Peechi 680653, Thrissur District, Kerala, India
Phone : +91 4872690100
+91 9447618335
E-mail : rcfcsouthern@gmail.com
Website: www.rccfcsouthern.org

**ഡോ. യു. എം. ചന്ദ്രശേഖര**
ഫോൺ : +91 493 1220218
+91 9446330407
ഇമെയിൽ : umchandra@rediffmail.com

**ഡോ. പി. സുജനപാൽ**
ഫോൺ : +91 487 2690218
+91 9447851737
ഇമെയിൽ : sujanapalp@gmail.com

**Kerala Forest Research Institute**
(An Institution of Kerala State Council for Science, Technology & Environment)
Peechi 680 653, Thrissur, Kerala
Phone: +91-487-2690100
Fax: +91-487-2690111
Website:www.kfri.res.in

**National Medicinal Plants Board**
Ministry of AYUSH, Govt. of India
Indian Red Cross Society (IRCS)
Annexe Building, 1st & 2nd floor
1 Red Cross Road, New Delhi 110001
Phone: +91 11-23721840
Website: www.nmpb.nic.in